<u>15 -ാം കേരള നിയമസഭ</u>

<u>9 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646</u> | <u>11-09-2023 - ൽ മറുപടിയ്ക്ക്</u>

## <u>മലപ്പുറം ജില്ലയിലെ വഖഫ് ഭൂമി</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. വി. അൻവർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിൽ റവന്യൂ രേഖകളായ എ രജിസ്റ്റർ, ബേസിക് ടാക്സ് രജിസ്റ്റർ, കൈവശ രജിസ്റ്റർ, പോക്കുവരവ് രജിസ്റ്റർ എന്നീ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ മുറപ്രകാരം രേഖപ്പെടുത്തിയിട്ടുള്ള ഭൂമികളുടെ വിവരങ്ങൾ താലൂക്ക്, വില്ലേജ് തിരിച്ച് വസ്തുവിന്റെ രജിസ്ട്രേഷൻ രേഖ പ്രകാരമുള്ള പേര്, ബ്ലോക്ക് നമ്പർ, സർവ്വേ നമ്പർ, ഭൂവിസ്തൃതി തുടങ്ങിയവ സഹിതം ലഭ്യമാക്കാമോ; | (എ) | വഖഫ് വസ്തുക്കളുടെ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹു.വഖ്ഫ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.11.2021 തീയതി ചേർന്ന യോഗത്തിൽ അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR റിമാർക്സ് കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരുമാനപ്രകാരം അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും ReLIS ആപ്പിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ IT Cell നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും പുരോഗതി വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാക്കി വരുന്നതുമാണ്. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വില്ലേജ് തിരിച്ചുള്ള വസ്തു വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.<br><br>കേന്ദ്ര വഖ്ഫ് നിയമത്തിലെ വകുപ്പ് 36 പ്രകാരം എല്ലാ വഖ്ഫ് വസ്തുക്കളും വഖ്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ടി നിയമത്തിലെ വകുപ്പ് 37 പ്രകാരം പ്രസ്തുത വഖ്ഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ വഖ്ഫ് ബോർഡ് സൂക്ഷിക്കേണ്ടതും അതിലെ വിശദാംശങ്ങൾ അതത് വഖ്ഫ് വസ്തുക്കളുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ലാൻഡ് റെക്കോർഡ്സ് ഓഫീസുകളിലേക്ക് അയയ്ക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് റെക്കോർഡ് ഓഫീസ്, നിലവിലുള്ള നടപടിക്രമമനുസരിച്ച്, വഖ്ഫ് |

| | | | |
|---|---|---|---|
| | | | രജിസ്ട്രേഷൻ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ലാൻഡ് റെക്കോർഡിൽ ആവശ്യമായ എൻട്രികൾ നടത്തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എതിർപ്പുകൾ ബോർഡിനെ അറിയിക്കുകയോ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (ബി) | റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തുന്നത് ഏത് സാഹചര്യങ്ങളിലാണെന്നും ആരാണ് ഇതിനായി അപേക്ഷ സമർപ്പിക്കേണ്ടതെന്നും ഇതിനായുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ; ഏതെല്ലാം രജിസ്ട്രേഷൻ രേഖകളാണ് ഇതിനായി പരിഗണിക്കുക എന്നും അറിയിക്കാമോ; | (ബി) | വഖ്ഫ് വസ്തുക്കളുടെ സർവ്വേ പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നത് സംബന്ധിച്ച വിഷയം ചർച്ച ചെയ്യുന്നതിനായി ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ ബഹു.വഖ്ഫ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 30.11.2021 തീയതി ചേർന്ന യോഗത്തിൽ അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR റിമാർക്സ് കോളത്തിലും ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) എന്ന ആപ്ലിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖ്ഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുവാൻ ലാൻഡ് റവന്യൂ കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത തീരുമാനപ്രകാരം അതത് വില്ലേജുകളിൽ തണ്ടപ്പേർ/BTR രജിസ്റ്ററിലെ റിമാർക്സ് കോളത്തിലും ReLIS ആപ്പിക്കേഷനിലെ ബന്ധപ്പെട്ട ഫീൽഡിലും വഖഫ് ഭൂമി എന്ന് രേഖപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ IT Cell നും എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുള്ളതും പുരോഗതി വിവരം ജില്ലാ കളക്ടർമാരിൽ നിന്നും ലഭ്യമാക്കി വരുന്നതുമാണ്. ഇത് പൂർത്തീകരിക്കുന്ന മുറയ്ക്ക് മാത്രമേ വില്ലേജ് തിരിച്ചുള്ള വസ്തു വിവരങ്ങൾ ലഭ്യമാകുകയുള്ളൂ.<br><br>കേന്ദ്ര വഖ്ഫ് നിയമത്തിലെ വകുപ്പ് 36 പ്രകാരം എല്ലാ വഖ്ഫ് വസ്തുക്കളും വഖ്ഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ടി നിയമത്തിലെ വകുപ്പ് 37 പ്രകാരം പ്രസ്തുത വഖ്ഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ വഖ്ഫ് ബോർഡ് സൂക്ഷിക്കേണ്ടതും അതിലെ വിശദാംശങ്ങൾ അതത് വഖ്ഫ് വസ്തുക്കളുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ലാൻഡ് റെക്കോർഡ്സ് ഓഫീസുകളിലേക്ക് അയയ്ക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് റെക്കോർഡ് ഓഫീസ്, നിലവിലുള്ള നടപടിക്രമമനുസരിച്ച്, വഖ്ഫ് രജിസ്ട്രേഷൻ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ലാൻഡ് റെക്കോർഡിൽ ആവശ്യമായ എൻട്രികൾ നടത്തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എതിർപ്പുകൾ ബോർഡിനെ അറിയിക്കുകയോ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |
| (സി) | റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ രേഖപ്പെടുത്തിയിട്ടുള്ള ഭൂമിയുടെ | (സി) | വഖ്ഫ് ഭൂമിയുടെ കൈവശാവകാശവും ഭൂനികുതി അടയ്ക്കേണ്ട ചുമതലയും ടി ഭൂമി ഏത് |

| | | | |
|---|---|---|---|
| | ഉടമസ്ഥാവകാശവും കൈവശാവകാശവും ആർക്കാണെന്നും ഭൂനികുതി അടവാക്കേണ്ടത് ആരാണെന്നും വഖഫ് ബോർഡുകൾക്ക് വേണ്ടിയാണോ അതോ വഖഫ് ബോർഡ് ചുമതലപ്പെടുത്തുന്നവരാണോ നികുതി അടവാക്കേണ്ടതെന്നും വിശദമാക്കാമോ; | | സ്ഥാപനത്തിന്റെ പേരിലാണ് പോക്ക് വരവ് ചെയ്യുന്നത് ആ സ്ഥാപനത്തിനായിരിക്കും |
| (ഡി) | വഖഫ് (അമന്റ്മെന്റ്) ആക്ട് 2013 പ്രകാരം വഖഫിൽ രജിസ്റ്റർ ചെയ്ത ഭൂമിയുടെ റവന്യൂ രേഖകളിൽ വഖഫ് എന്നോ വഖഫ് ഭൂമി എന്നോ നിർബന്ധമായും രേഖപ്പെടുത്തണമെന്ന നിർദ്ദശമുണ്ടോയെന്നും ഇത്തരത്തിലുള്ള നിർദ്ദേശം റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച കത്തുകളുൾപ്പെടെയുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) | കേരളത്തിലെ മുഴുവൻ വഖ്ഫ് സ്ഥാപനങ്ങളുടെയും മേൽനോട്ടവും നിയന്ത്രണവും 1995-ലെ വഖഫ് നിയമം 32 പ്രകാരം കേരള സ്റ്റേറ്റ് വഖഫ് ബോർഡിൽ നിക്ഷിപ്തമാണ്. പ്രസ്തുത നിയമത്തിലെ വകുപ്പ് 36 പ്രകാരം എല്ലാ വഖ്ഫ് വസ്തുക്കളും വഖഫ് ബോർഡിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും ടി നിയമത്തിലെ വകുപ്പ് 37 പ്രകാരം പ്രസ്തുത വഖ്ഫ് വസ്തുക്കളുടെ വിശദാംശങ്ങളടങ്ങുന്ന രജിസ്റ്റർ വഖ്ഫ് ബോർഡ് സൂക്ഷിക്കേണ്ടതും അതിലെ വിശദാംശങ്ങൾ അതത് വഖ്ഫ് വസ്തുക്കളുടെ അധികാര പരിധിയിലുള്ള ബന്ധപ്പെട്ട ലാൻഡ് റെക്കോർഡ്സ് ഓഫീസുകളിലേക്ക് അയയ്ക്കേണ്ടതും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ലാൻഡ് റെക്കോർഡ് ഓഫീസ്, നിലവിലുള്ള നടപടിക്രമമനുസരിച്ച്, ഇതേ നിയമത്തിലെ വകുപ്പ് 37(2), 37(3) പ്രകാരം വഖ്ഫ് രജിസ്ട്രേഷൻ തീയതി മുതൽ ആറ് മാസത്തിനുള്ളിൽ ലാൻഡ് റെക്കോർഡിൽ ആവശ്യമായ എൻട്രികൾ നടത്തുകയോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ട എതിർപ്പുകൾ ബോർഡിനെ അറിയിക്കുകയോ ചെയ്യണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയത് പ്രകാരം വഖ്ഫുകളും വഖ്ഫ് വസ്തുക്കളും ബോർഡിൽ രജിസ്റ്റർ ചെയ്യുന്ന മുറയ്ക്ക് അതാത് ജില്ലാ രജിസ്ട്രാർമാർക്കും, വില്ലേജ് ഓഫീസർമാർക്കും മേൽ പ്രകാരമുള്ള നടപടികൾക്കായി വഖ്ഫ് ബോർഡ് ഓഫീസിൽ നിന്നും കത്ത് നൽകാറുള്ളതാണ്. |

സെക്ഷൻ ഓഫീസർ